# 2013 ഓണം

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലായി ജീവിക്കുന്ന മലയാളികൾ ജനിച്ച നാൾ മുതൽ അറിയുന്ന ആഘോഷങ്ങളിലൊന്നാണല്ലോ ഓണം. മലയാളികളായ എല്ലാവക്കും ജാതി മത ഭേദമെന്യേ ആബാലവൃദ്ധം ആഘോഷിക്കുന്നതാണല്ലോ ഓണം. മലയാള മണ്ണിൽ ജനിക്കണമെന്നില്ല, ജനിച്ചവരുടെ വേരുകളിലൊന്നുപോലും ഭ്രമിക്കുന്ന ഒരാഘോഷമാണ് ഇന്ന് ഓണം.

മറ്റുള്ള വഷങ്ങളെക്കാൾ 2013ലെ ഓണത്തിന്റെ പ്രത്യേകത എന്താണ്? സാധാരണ ചിങ്ങമാസത്തിലെ തിരുവോണ ദിവസമാണല്ലോ മലയാളികൾ ഓണമാഘോഷിക്കുന്നത്. എന്നാൽ 1189 വഷം ചിങ്ങമാസത്തിൽ രണ്ട് ഓണമുണ്ട്. ഒന്ന് 2013 ആഗസ്റ്റമാസം 20ന് ആണ്. രണ്ടാമതു വരുന്നതാണ് സെപ്റ്റം മാസം 16ന് വരുന്ന ഓണം. ഇതിന്റെ ഒന്നാം ഓണം, ഉത്രാടം നാൾ വരുന്നത് സെപ്റ്റംബർ 15 ഞായർ ദിനമാണ്. മൂന്നാം ഓണം വരുന്നത് 1189 കന്നി മാസം ഒന്നാം തീയതി. 1188 ചിങ്ങ മാസം 31ന് വരുന്നഓണം എന്തുകൊണ്ട് നമ്മൾ ആഘോഷിക്കുന്നു? പൊന്നും ചിങ്ങമാസത്തിലെ അത്തം മുതൽ പത്താം നാളിലാണ് ഓണം ആഘോഷിക്കേണ്ടത്. ആദ്യത്തെ തിരുവോണം വരുമ്പോൾ അതിന്റെ പിന്നിലുള്ള അത്തം വരുന്നത് 1188 കക്കിടകത്തിലാണ്. അങ്ങിനെ വരുന്ന തിരുവോണ നക്ഷത്ര ദിവസത്തെ ഓണമായി ആഘോഷിക്കാൻ പാടില്ല. ചിങ്ങമാസത്തിന്റെ അവസാന ദിനമായ 31നാണ് തിരുവോണം വന്നാലും അത്തം മുതൽ പത്തുദിവസം എന്ന കണക്കു ശരിയായ് വരും.

ഈ വഷം അത്തം കഴിഞ്ഞ് പത്തു ദിവസം വരുന്നില്ല. അതിനിടയിലെ ഒരു നക്ഷത്രമായ കേട്ട (തൃക്കേട്ട) ഉണ്ടാകുന്നില്ല; അതല്ലങ്കിൽ മനപ്പൂവ്വം ഈ വഷം ജന്മം കൊടുക്കുന്നില്ല. വല്ലാത്ത ഒരു വശപിശകിലാണ് ഈ വഷം ഓണം ആഘോഷിക്കേണ്ട ഗതിക്കേട് മലയാളികൾക്ക്. ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലങ്കിൽ കളരിക്കപ്പുറം എന്ന പഴമൊഴി പോലെ. മലയാളികളായ നമ്മൾ ജാതിമതഭേദമെന്യേ പൊന്നോണം ആഘോഷിക്കുന്നതെന്തിന്? പഴയ കാലത്ത് വളരെ നിദ്ധനരായ കുടുംബങ്ങളിൽ കാലത്ത് പ്രാതൽ ഒരു പക്ഷേ കാണത്തില്ലായിരിക്കാം; അല്ലെങ്കിൽ പഴങ്കഞ്ഞി (പിന്നീട് മനസ്സിലായത് ഈ പഴങ്കഞ്ഞി ആരോഗ്യത്തിന് വളരെ നല്ലതാണെന്നും ഇത് കഴിച്ച് വളന്നവർ നല്ല ആരോഗ്യ ദൃഢഗാത്രരായിരുന്നു എന്നെല്ലാമണ്). എന്നാൽ വല്ലപ്പോഴും കാലത്ത് പ്രാതൽ ദോശയും ചമ്മന്തിയും, പാലപ്പവും മുട്ടക്കറിയും, ഇഢലിയും ചമ്മന്തിയും, പുട്ടും അങ്ങിനെ എന്തെങ്കിലും പലഹാരം. ആ ദിവസത്തിന്റെ തലേരാത്രി ആ വീട്ടിലെ കുഞ്ഞുങ്ങൾ കാലത്ത് നല്ല പലഹാരം കഴിക്കാമെന്ന സ്വപ്നവും കണ്ട് നേരം വെളുക്കാനായി കാത്തിരിക്കും. ചില കുഞ്ഞുങ്ങളാണെങ്കിൽ അടുത്ത പ്രഭാതത്തിൽ കഴിക്കാൻ പോകുന്ന പലഹാരം ആ രാത്രി മുഴുവനും സ്വപ്നത്തിലൂടെ കണ്ടുകൊണ്ടിരിക്കും. ചിലരാണെങ്കിൽ രാത്രിയിൽ പലപ്രാവശ്യം നേരംവെളുത്തില്ലയോ എന്ന് ചോദിക്കും. അപ്പോൾ വഷത്തിലൊരിക്കൽ ഉണ്ടാകുന്ന സുബിക്ഷമായ/സന്തോഷകരമായ ഒരു ദിനത്തെ സ്വപ്നം കണ്ട് കഴിയുന്ന ഒരാൾക്ക് മാത്രമാണ് ഓണമുള്ളത്. ഇന്ന് കുടുംബങ്ങളിലെ അപ്പനും അമ്മയും സഹോദരങ്ങളുമെല്ലാം അവരുടെ മക്കളും കൊച്ചുമക്കളും എല്ലാം കൂടെ ഒന്നിച്ചു കൂടി ആഘോഷിക്കുന്ന സന്തോഷകരമായ ദിവസങ്ങൾ. അപ്പോൾ മലയാളികളായ നമ്മൾ വഷത്തിലൊരിക്കൽ ആഘോഷിക്കുന്ന സന്തോഷത്തിന്റെ ദിനങ്ങളാണ് ഓണം. മലയാളം എഴുതാനും വായിക്കാനുമറിയാത്ത മലയാളികൾക്കുപോലും ഇന്ന് ഓണമുണ്ട്. ഓനം എന്ന് ഓണത്തെ പറ്റി പറയുന്ന മലയാളിക്കുപോലും ഇന്ന് ഓണവും ഓണാഘോഷവുമുണ്ട്. അത് പലരും പല വിധത്തിലായിരിക്കാം ആഘോഷിക്കുന്നത്. മദ്യപന്മാർ മദ്യപാനത്തിലൂടെയാണെങ്കിൽ ഇന്നത്തെ ശരിയായി ദൈവഭക്തരായിട്ടുള്ളവർ ആ ദിവസം അവരുടെ പ്രാത്ഥന പരമോന്നതിയിൽ എത്തുന്ന ദിവസമായിരിക്കാം. എന്നാൽ അമേരിക്ക പോലെ വിദേശത്തു ജീവിക്കുന്നവരോ അതല്ലങ്കിൽ കേരളത്തിൽ എന്നും സന്തോഷകരമായി ജീവിക്കുന്നവക്ക് ഇങ്ങിനെ ഒരു ദിവസം പ്രത്യേകിച്ച് ഉണ്ടോ?

നമ്മളെല്ലാവരുടേയും ജീവിതത്തിൽ പ്രത്യേകിച്ച് ഒരു ദിവസം ഉണ്ടാകാം വഷത്തിലൊരിക്കൽ; ആ ദിവസത്തെ വേണമെങ്കിൽ അവരുടെ ഓണം എന്നു പറയുന്നതിൽ തെറ്റില്ല. ഈ ലേഖകന്റെ സ്വന്തം കസിന്റെ ഭവനത്തിൽ വല്ലപ്പോഴും കുറച്ചു ദിവസങ്ങൾ അവധിക്കു പോയി താമസിക്കാറുണ്ട് കേരളത്തിൽ. ആ ദിവസങ്ങളെ അവരുടെ ഓണ ദിവസങ്ങളായി അവർ പറയാറുണ്ട്. അത്രയും ദിവസങ്ങൾ അവരുടെ ഭവനത്തിൽ സന്തോഷത്തിന്റേയും സമാധാനത്തിന്റേയും നല്ല ദിനങ്ങളാണ്. കേരളത്തിൽ തന്നെ താമസിക്കുന്ന ആ ഭവനത്തിൽ വഷത്തിലൊരിക്കൽ വരുന്ന ഓണം കടന്നു ചെല്ലുന്നില്ല. ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞിയെന്നത് കേരളത്തിലെ ദാരിദ്ര്യത്തിൽ കഴിയുന്ന ഭവനങ്ങളിൽ മാത്രമല്ല അമേരിക്കയിലെ നിത്യ സന്തോഷത്തിൽ കഴിയുന്ന ഭവനങ്ങളിലും ശരിയാണ്.

വളരെ അടുത്ത കാലത്ത് ചില മാദ്ധ്യമങ്ങളിൽ കൂടെ വായിച്ചു മനസ്സിലാക്കാൻ സാധിച്ചത്: ഇത്രയും സുഭിക്ഷതയുള്ള അമേരിക്കയിലെ ചില മലയാളി ഭവനങ്ങളിൽ നിത്യ ദാരിദ്ര്യമെന്ന്. ഈ ലേഖകന് അത് ഖണ്ഡിക്കാൻ പറ്റത്തില്ല; കഴിഞ്ഞ ദീഘകാലത്തെ അമേരിക്കൻ ജീവിതം കൊണ്ട്. നമ്മുടെ ചില മലയാളി ഭവനങ്ങളിൽ ചില ദിവസങ്ങൾ താമസിക്കാൻ ഈ ലേഖകന് സാധിച്ചപ്പോൾ അവിടെ അവക്ക് അതിഭയങ്കരമായ മണി മാളികകളും വളരെയേറെ വിലപിടിപ്പുള്ള വാഹനങ്ങളും ഉണ്ട്; എന്നാൽ നിത്യം പഞ്ഞമാണ്. വീടിന്റെ ഭാരിച്ച കടങ്ങളും, വാഹനങ്ങളുടെ ഭാരിച്ച കടങ്ങളും കൂടാതെ നികുതിയും കടവുമെല്ലാം കൂടെ കഴിച്ചാൽ നീക്കി ബാക്കി വട്ട പൂജ്യം. ദുരഭിമാനം; സാധാരണ മലയാളിയുടെ ദുരഭിമാനം. അവനേക്കാളും മറ്റവനേക്കാളും വലിയ വീട്, വാഹനം എല്ലാം എനിക്കു വേണം എന്ന ദുരഭിമാനം എന്ന് എല്ലാവരും പറയുമ്പോൾ, ശൈശവപ്രകൃതി, അപക്വത എന്നെല്ലാമേ പറയാൻ സാധിക്കുന്നുള്ളു. ഒരു വലിയ കാറ്റോ മഴയോ, ഒരപകടമോ വന്നാൽ സുഭിക്ഷതയുള്ള ഈ അമേരിക്കയിൽ വന്നിട്ടും നിത്യ ദാരിദ്ര്യമനുഭവിക്കുന്ന ഇവരെ സ്വഗ്ഗത്തിൽ ദേവഗണങ്ങളുടേയും ദൈവത്തിന്റേയും അടുക്കൽ കൊണ്ടു വിട്ടാൽ പോലും ഇവനൊന്നും ഒരിക്കലും ഓണമെന്തന്നറിയത്തില്ല സുഭിക്ഷതയുടെ നാട്ടിൽ ജീവിച്ചിട്ടും നിത്യം ദാരിദ്ര്യമനുഭവിക്കുന്ന മന്ദ ബുദ്ധികൾക്ക് എന്ന്, എവിടെ ഓണം ലഭ്യമാകും. വഷത്തിൽ ഒരിക്കൽ വാഴയിലയിലൊ, പ്ലാസ്റ്റിക്ക് വാഴയിലയിലോ ഇരുപത്തിയെട്ടുകൂട്ടം കറികളോടു കൂടെ സുഭിക്ഷമായ ഭക്ഷണം ഒരിക്കൽ ഒരു നേരം കഴിച്ചതു കൊണ്ടു മാത്രം ഓണം നമ്മൾക്ക് കിട്ടത്തില്ല. ദൈവാനുഗ്രഹകരമായ ഒരു നല്ല ഓണം എല്ലാവക്കും ആശംസിക്കുന്നു.